# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി




# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

# സമൃദ്ധി

## ഗവൺമെന്റ് എച്ച്.എസ്.എസ്. കുലശേഖരപുരം

കരുനാഗപ്പള്ളി, കൊല്ലം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | കൊല്ലം |
| 2.സ്കൂൾ കോഡ് | : | 41082 |
| 3.സ്കൂളിന്റെ പേര് | : | ഗവണ്മെന്റ് |
| 4.മേൽവിലാസം | : | എച്ച്.എസ്.എസ്.കലശേഖരപുരം ക്ലാപ്പന |
| | | പി.ഒ.,കരുനാഗപ്പള്ളി,കൊല്ലം |
| 5.പിൻകോഡ് | : | 690525 |
| 6.ഫോൺ നമ്പർ | : | 04762641369 |
| 7.ഈ മെയിൽ അഡ്രസ് | : | 41082kollam@gmail.com |
| 8.ഗ്രാമപഞ്ചായത്ത് | : | കലശേഖരപുരം |
| 9.വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| 10.വിദ്യാഭ്യാസ ഉപജില്ല | : | കരുനാഗപ്പള്ളി |
| 11.ക്ലാസുകൾ | : | പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ |
| 12.വിഭാഗം | : | ഗവണ്മെന്റ് |
| 13.പഠന മാധ്യമം | : | മലയാളം,ഇംഗ്ലീഷ് |

# ആമുഖം

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുലശേഖരപുരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ 132 വർഷം പഴക്കമുള്ള മാതൃക വിദ്യാലയമാണ്. അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ നമ്മുടെ സ്കൂൾ ജില്ലയിലെ വിദ്യാലയങ്ങൾക്ക് ഒരു മികച്ച മാതൃകയാണ്. നിലവിൽ സ്കൂളിൽ ഭൗതിക സാഹചര്യം ഏറെക്കുറെ തൃപ്തികരമാണ്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന രീതിയിൽ അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും മികവ് പുലർത്താൻ സ്കൂളിന് സാധിക്കുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു. അക്കാദമിക രംഗത്ത് ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തെ ശരിയായ നടത്തിപ്പിനാവശ്യമായ ഔദ്യോഗിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി. ടി. എ. ,എസ്. എം. സി. യുടെ ഇടപെടലും, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവരുടെ  പൂർണ്ണമായ സഹകരണം  ഉറപ്പു വരുത്തുകയും ചെയ്യുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യങ്ങളായ – അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, മൂല്യനിർണ്ണയ രീതി പരിഷ്കരിക്കുക, സാങ്കേതിക സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, കുട്ടികൾക്ക് മികച്ച മാനസിക -വൈകാരിക

ശാരീരിക- ആരോഗ്യം ലഭിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, മയക്കുമരുന്ന്, ലഹരി എന്നിവക്കെതിരായ പ്രവർത്തന പദ്ധതികൾ നടപ്പാക്കുക ,വിദ്യാലയ ശുചിത്വബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുക, കായികക്ഷമത വർദ്ധിപ്പിക്കുക എന്നിവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

.......................................................................

## ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം –ചരിത്രം

നാടിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക സമിതികളുടെ മേൽനോട്ടത്തിൽ സ്കൂളുകളുടെ പ്രവർത്തനം തുടങ്ങി.കൊല്ലം പട്ടണത്തിൽ സ്ഥാപിച്ച മലയാളി സമാജം സ്കൂളിനൊപ്പം സമാജം പ്രവർത്തകരുടെ ശ്രമത്തിന്റെ ഭാഗമായി 1890 ൽ കളരിവാതുക്കൽ സ്കൂളും പ്രവർത്തന സജ്ജമായി .കളരിവാതുക്കൽ ക്ഷേത്രത്തിന്റെ വടക്കവശത്തുണ്ടായിരുന്ന ചങ്ങൻകളങ്ങര ക്ഷേത്രം വക പാട്ടം പിരിക്കുന്നതിനുള്ളതും കൊട്ടാരം എന്നറിയപ്പെട്ടിരുന്നതുമായ തിടമ്പുതറയിലായിരുന്നു ഈ സ്കൂളിന് തുടക്കം കുറിച്ചത്.ഇതും ഒരു ഏകാധ്യാപക സ്കൂളായിരുന്നു.ദിവാനായിരുന്ന കേണൽ മൺറോ സായിപ്പിന്റെ ഉത്തരവനുസരിച്ച് സർക്കാരിൽ നിന്നും അധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നു.അന്ന് സ്കൂളിന്റെ നടത്തിപ്പിനേയുംമറ്റും പരിശോധിക്കാനുള്ള അവകാശം തഹസിൽദാർമാർ ക്കായിരുന്നു.നമ്മുടെ സ്കൂളിലെ ആദ്യത്തെ അധ്യാപകൻ ആരാധ്യനായ സി.എസ്.സുബ്രമണ്യൻ പോറ്റി അവർകൾ ആയിരുന്നു. ഒരുനാൾ സ്കൂൾ പരിശോധനക്കെത്തിയ തഹസിൽദാർ അടുത്ത ക്ഷേത്രത്തിൽ പ്രാർത്ഥനയിൽ ഏർപ്പെട്ടിരുന്ന  അധ്യാപകനെയാണ് കണ്ടത്.സ്കൂൾ സമയത്ത് മറ്റുകാര്യങ്ങളിൽ വ്യാപരിച്ചിരുന്ന അധ്യാപകനെ അപ്പോൾ തന്നെ ജോലിയിൽ നിന്നും പിരിച്ചു വിടുകയാണ് ചെയ്തത്.കാലാന്തരത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ സി.എസ്.സുബ്രമണ്യൻ പോറ്റി തഹസിൽദാരുടെ മേലുദ്യോഗസ്ഥനാവുകയും ചെയ്തതായിക്കാണാം .1894 ട്രാവൻകൂർ എഡ്യുക്കേഷൻ നിയമം ഉണ്ടാവുകയും എല്ലാ സ്കൂളുകൾക്കും ഗ്രാൻഡ് അനുവദിക്കുകയും ചെയ്തു.സേവന സന്നദ്ധരായ ഒരു കൂട്ടം ചെറുപ്പക്കാരായ സാമൂഹ്യ പ്രവർത്തകർ സി.വി.രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയും ധർമ്മാരാജയും നാടകങ്ങളാക്കി വീട്ടുമുറ്റങ്ങളിൽ അവതരിപ്പിച്ച് ശേഖരിച്ച 'പൊലിവ് പണം '  ഉപയോഗപ്പെടുത്തി മാടവന പുരയിടത്തിൽ നിന്നും 13 സെന്റ് സ്ഥലം വാങ്ങി സ്കൂൾ ഇന്ന് കാണുന്ന സ്ഥലത്തു

കെട്ടിടം പണിത് പഠനം ആരംഭിച്ചു.1909 ഇൽ സർക്കാർ വിദ്യാഭ്യാസ കാര്യങ്ങൾക്കായി പ്രേത്യേകം ഡയറക്ടറേറ്റ് തുടങ്ങി.നാട്ടിലെമ്പാടും തുടങ്ങിയ മലയാളം സ്കൂളുകളോടൊപ്പം ഇംഗ്ലീഷ് വിദ്യാഭ്യാസത്തതിന് കൂടി സൗകര്യങ്ങൾ ഉണ്ടാക്കി.വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കി.

## ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കുലശേഖരപുരം – ഇന്ന്

പ്രീ-പ്രൈമറി അധ്യാപകരും, എൽ. പി. അധ്യാപകരും, യു.പി. അധ്യാപകരും, എച്ച്.എസ്. അധ്യാപകരും, ഹയർ സെക്കൻഡറി അധ്യാപകരും അടങ്ങുന്ന സ്റ്റാഫ് അസോസിയേഷൻ.ആൺകുട്ടികളും പെൺകുട്ടികളുമായി വിദ്യാർഥികൾ പഠിക്കുന്നു. ശാന്ത സുന്ദരമായ സ്കൂൾ ക്യാമ്പസ്. വ്യത്യസ്തമാർന്ന പ്രവർത്തനങ്ങളിലൂടെ ജില്ലയ്ക്ക് തന്നെ മാതൃകയായി മാറിയ നമ്മുടെ സ്കൂൾ പാഠ്യ-പാഠ്യേതര രംഗത്ത് ഏറെ മികവ് പുലർത്തി വരുന്നു.

..............................................................................................................................

# അക്കാദമികം

**നേട്ടങ്ങൾ**

കൊല്ലം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. എൽ. എസ്. എസ്., യു. എസ്. എസ്., ന്യൂ മാത്സ് പൊതുപരീക്ഷയികളിലും സമാന സർക്കാർ വിദ്യാലയങ്ങളെ അപേക്ഷിച്ച് വിജയ ശതമാനത്തിൽ ബഹുദൂരം മുന്നിലാകുവാൻ സാധിച്ചിട്ടുണ്ട് .
ശാസ്ത്രോത്സവം - കലോത്സവം എന്നിവയിൽ സംസ്ഥാനത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എൻ.സി.സി., എസ്. പി. സി., ജെ. ആർ. സി., സ്കൗട്ട് ആൻഡ് ഗൈഡ്സ് ,ലിറ്റിൽ കൈറ്റ്സ്, എൻ.എസ്.എസ്.എന്നീ സന്നദ്ധസംഘടനകൾ സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്നു.പൊതുവിദ്യാഭ്യാസ മേഖലയിലുള്ള അപ്പർ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകമാക്കുന്നതിനുള്ളലബോറട്ടറി നവീകരണം. (ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം) ലൈബ്രറി ശാക്തീകരണം. ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ. അധ്യാപക ശാക്തികരണം- സ്കൂൾ എസ്. ആർ. ജി. തലം. കായിക ശേഷി വികസനം. വിലയിരുത്തൽ കാര്യക്ഷമമാക്കൽ. പഠനാന്തരീക്ഷം ഒരുക്കുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിച്ച് വരുന്ന ക്രിയേറ്റീവ് കോർണർ സ്കൂളിന്റെ എടുത്ത് പറയാവുന്ന പ്രത്യേകതകളിൽ ഒന്നാണ്.അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീ-പ്രൈമറി വർണ്ണക്കൂടാരം പദ്ധതി മറ്റൊരു സവിശേഷതയാണ്.

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്കു നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കുന്ന രീതിയിൽ ശരിയായ ആസൂത്രണം നടത്തുന്നു.ഹയർസെക്കൻഡറി വിഭാഗത്തിൽ കഴിഞ്ഞ

അഞ്ച് വർഷങ്ങളിലായി സയൻസ് ,കോമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളിൽ മികച്ച വിജയം നേടുവാനും സാധിച്ചു .

# അക്കാദമികം

**പരിമിതികൾ**

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായി ലബോറട്ടറി നവീകരണം. (ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം) ലൈബ്രറി ശാക്തീകരണം, ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ, അധ്യാപക ശാക്തീകരണം ,കായിക ശേഷി വികസനം, വിലയിരുത്തൽ കാര്യക്ഷമമാക്കൽ എന്നിവയ്ക്കിനിയും മാറ്റം വരേണ്ടതുണ്ട്.പി.ടി.എ.,എസ്.എം.സി.യുടെ സഹകരണത്തോടെയും പൂർവ്വ വിദ്യാർഥി കൂട്ടായ്മയിലൂടെയും ചില ക്ലാസ് മുറികൾ ടൈൽസ് പാകി ഒരുക്കാൻ കഴിഞ്ഞെങ്കിലും മറ്റ് ക്ലാസ് മുറികൾ കൂടി മെച്ചപ്പെടേണ്ടതുണ്ട്. ഗണിതത്തിനും സാമൂഹ്യശാസ്ത്രത്തിനും ലാബുകൾ ഇല്ല എന്നത് ഒരു പരിമിതിയാണ്.അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സാർത്ഥകമാകാൻ പ്രത്യേകം -പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്.

# ഭൗതികം

**നേട്ടങ്ങൾ**

നിലവിൽ 36 ക്ലാസ് മുറികൾ ടൈൽ പാകി മികച്ച ക്ലാസ് മുറികൾ ആക്കിയിട്ടുണ്ട്. ഹൈസ്കൂളിൽ നിലവിലുള്ള 19 ക്ലാസ് മുറികളും ഹൈ ടെക് നിലവാരത്തിൽ ഉള്ളതാണ് . ഹയർ സെക്കൻഡറി വിഭാഗത്തിൽ മികച്ച രീതിയിലുള്ള മീഡിയ ഹാൾ എന്ന സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ - പ്രൈമറി വിഭാഗം കുട്ടികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള വർണ്ണക്കൂടാരം സജ്ജീകരിച്ചിട്ടുണ്ട്.കുട്ടികൾക്ക് വായനയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട്

പതിനായിരത്തോളം പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് മികച്ച ലൈബ്രറി ഒരുക്കിയിട്ടുണ്ട് .പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കും മറ്റു വിശ്രമിക്കാൻ SHE ROOM സജ്ജീകരിച്ചിട്ടുണ്ട്.20 കമ്പ്യൂട്ടറുകൾ ഉള്ള എച്ച്.എസ്. - ഐ.ടി.ലാബും 10 കമ്പ്യൂട്ടറുകൾ ഉള്ള യു. പി. - ഐ.ടി.ലാബും എടുത്ത് പറയാവുന്ന ഭൗതിക നേട്ടങ്ങളാണ്. സ്കൂൾ ഓപ്പൺ ഓഡിറ്റോറിയം ഭൗതിക നേട്ടത്തിൽ എടുത്തു പറയാവുന്ന ഒന്നാണ്.കുട്ടികൾക്ക് ശുദ്ധജല ലഭ്യതയ്ക്കായി R .O.പ്ലാന്റ് സജ്ജീകരിച്ചിട്ടുണ്ട്.

# ഭൗതികം

## പരിമിതികൾ

യു.പി.യിൽ 12 ക്ലാസ് മുറികൾ ഹൈടെക് ആകേണ്ടതുണ്ട്. എൽ. പി. വിഭാഗത്തിൽ പ്രൊജക്ടറുകൾ ഇതുവരെയും ഒരു ക്ലാസ് മുറികളിലും സജ്ജീകരിച്ചിട്ടില്ല. കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഭോജനശാല നിർമ്മിക്കണം. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയേണ്ടതുണ്ട്. നിലവിലുള്ളത് മെച്ചപ്പെടുത്തേണ്ടതുമുണ്ട്. കളിസ്ഥലത്തിലെ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടിന് ഒരു ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ പരിശീലനം നൽകാൻ പ്രത്യേകം മുറികൾ സജ്ജീകരിക്കേണ്ടതുണ്ട്. ജെ. ആർ. സി. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ കുട്ടികളുടെ യൂണിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേകം മുറികൾ ഉണ്ടാകേണ്ടതുണ്ട്.

# സാമൂഹികം

## നേട്ടങ്ങൾ

എൻ.എസ്.എസ്., എസ്. പി. സി., എൻ. സി. സി. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, ജെ. ആർ. സി., ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു. സ്കൂളിലെ ക്ലബ്ബുകളുടെ പ്രവർത്തനവും സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു. വൃക്ഷത്തൈ വിതരണം, ലഹരിവിരുദ്ധ പ്രചാരണം എന്നിവ സമൂഹത്തിന് വേണ്ടി ചെയ്ത മാതൃകാപരമായ പ്രവർത്തനങ്ങളാണ്.

# സാമൂഹികം

## പരിമിതികൾ

പഠനപ്രവർത്തന സമയങ്ങൾക്കിടയിൽ സമൂഹവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യുവാൻ സമയ ലഭ്യതക്കുറവ് ഒരു പരിമിതിയാണ്.

# പദ്ധതി രൂപീകരണ പ്രക്രിയ

- പ്രധാന അധ്യാപിക ,എസ്.ആർ.ജി യോഗം, സ്റ്റാഫ് യോഗം, പി. ടി.എ., എസ്. എം. സി. യോഗം, പൂർവ വിദ്യാർത്ഥി കൂട്ടായ്മ എന്നിവയിലൂടെ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും ചെയ്തു .
- അക്കാദമിക ആവശ്യങ്ങൾക്ക് ക്ലാസ് / വിഷയം എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി, ലക്ഷ്യം, പ്രവർത്തനം, സാമ്പത്തികം, കാലയളവ്, പ്രവർത്തനം നടപ്പാക്കുന്ന ഏജൻസി എന്നിവ നിശ്ചയിച്ചു.
- സാമ്പത്തിക ആസൂത്രണത്തിനായി വിദഗ്ദോപദേശം തേടി.
- ബന്ധപ്പെട്ട ഭരണ വകപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവരിൽ നിന്ന് വിലയേറിയ നിർദ്ദേശങ്ങൾ സ്വീകരിച്ചു.
- സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

# കാഴ്ചപ്പാട് -വിദ്യാലയം മികവിന്റെ കേന്ദ്രം- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

"ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്നതാണ് നമ്മുടെ കാഴ്ചപ്പാട്.

- സാമൂഹികമൊ . സാമ്പത്തികമൊ ആയ പിന്നോക്കാവസ്ഥ മൂലം ഒരു കുട്ടിയ്ക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കാതെ പോകരുത്.
- അക്കാദമിക മികവിന്റെ കാര്യത്തിൽ കുറേക്കൂടി മുന്നേറാൻ നമുക്ക് കഴിയണം.
- മാനവികത, സ്നേഹം, കരുണ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ .

- സാമൂഹികമായും,സാമ്പത്തികമായും പാർശ്വവത്കരിക്കപ്പെട്ടവർ .പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ. ട്രാൻസ്ജെൻഡേഴ്സ് എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ .
- പരീക്ഷയെ മാത്രം ലക്ഷ്യമിടാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം ,എങ്ങനെ പെരുമാറണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വിദ്യാർഥികളെ പ്രാപ്തരാക്കൽ.
- മയക്കുമരുന്ന് - ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ,സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിയേണ്ട കാര്യങ്ങൾ. വ്യക്തി ശുചിത്വം, പരിസരശുചിത്വം, ഹരിത കാമ്പസ് പോലുള്ള കാര്യങ്ങളിൽ കുട്ടിക്ക് അറിവും ധാരണയും നൽകൽ.
- എന്നീ കാഴ്ചപ്പാടുകൾ ലഭ്യമാക്കാനുള്ള പദ്ധതികളാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

1.പ്രധാന ലക്ഷ്യം

2.പൊതു ലക്ഷ്യം

3.സവിശേഷ ലക്ഷ്യം

**1.പ്രധാന ലക്ഷ്യം -സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും,വിദ്യാകിരണവും, സ്കൂൾ വിദ്യാഭ്യാസ നിലവാരങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി. കിഫ്ബി ഏറ്റെടുത്ത അടിസ്ഥാന സൗകര്യ പദ്ധതികൾ, കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ, സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ മൊത്തത്തിലുള്ള ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം അക്കാദമിക് മികവും, ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുവാനായി ആരംഭിച്ച ഒരു പുതിയ സംരംഭമാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന നിലപാടിലാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ചിട്ടപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക, ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം–ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

**ലക്ഷ്യം 1** : അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തൽ.

**പ്രവർത്തനങ്ങൾ:**

- ഗവേഷണാത്മക പഠനം.

- ഭാഷാശേഷി വികസനം.
- ഗണിതശേഷി വികസനം.
- ഇംഗ്ലീഷ് പഠന പരിപോഷണം.
- ശാസ്ത്ര പോഷണ പരിപാടി.
- ഭാഷാ ലാബ്.
- വായന ശേഷി വർദ്ധിപ്പിക്കൽ.
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം.
- പഠനയാത്രകൾ.
- ക്രിയേറ്റീവ് കോർണർ.
- പ്രവർത്തിപരിചയ പരിശീലനം.
- കലാ പരിപോഷണം.
- സാഹിത്യ ശില്പശാലകൾ.
- ദിനാചരണങ്ങൾ.
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ.
- ലബോറട്ടറി നവീകരണം. (ശാസ്ത്രം, ഗണിതം, സാമൂഹ്യ ശാസ്ത്രം)
- ലൈബ്രറി ശാക്തീകരണം.
- ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ.
- അധ്യാപക ശാക്തീകരണം- സ്കൂൾ എസ്. ആർ. ജി. തലം.
- കായിക ശേഷി വികസനം.
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ.

**ലക്ഷ്യം 2** : സാങ്കേതികവിദ്യ സൗഹൃദ ക്ലാസ് റൂം

പ്രവർത്തനങ്ങൾ:

- ഐ.ടി. പരിശീലനം .
- മികച്ച പഠനാനുഭവങ്ങൾ നവസാങ്കേതിക വിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നു.

**ലക്ഷ്യം 3** :അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക

പ്രവർത്തനങ്ങൾ:

- ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ റിസോഴ്സസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സ്കൂളിൽ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് അക്കാദമിക ചർച്ചകളും സംവാദങ്ങളും ഒരുക്കൽ.
- പൊതു പരിശീലനങ്ങളിലും, ക്ലസ്റ്റർ പരിശീലങ്ങളിലും അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കുക.

**ലക്ഷ്യം 4** : ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

പ്രവർത്തനങ്ങൾ :

- കരാട്ടെ ,തയ്ക്കോണ്ടോ, കളരിപ്പയറ്റ് തുടങ്ങിയവയിൽ പരിശീലനം

**ലക്ഷ്യം 5** : മയക്കമരുന്ന് ,ലഹരി എന്നിവയ്ക്കെതിരായ പ്രവർത്തന പദ്ധതികൾ

പ്രവർത്തനങ്ങൾ :

- ലഹരിക്കതിരായി പോസ്റ്ററുകൾ ,ലഘുലേഖകൾ തയ്യാറാക്കൽ, സൈക്കിൾ റാലി,വാക്കത്തോൺ സംഘടിപ്പിക്കൽ , ഫ്ലാഷ് മോബുകൾ, തെരുവ് നാടകങ്ങൾ, സ്കിറ്റുകൾ എന്നിവ അവതരിപ്പിക്കൽ .

**ലക്ഷ്യം 6** :കായിക ക്ഷമത വർദ്ധിപ്പിക്കുക .

പ്രവർത്തനങ്ങൾ:

- കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിൽ എത്തിക്കൽ .ഫുട്ബോൾ, ഹാൻഡ്ബോൾ, കബഡി എന്നിവയിൽ വൈകുന്നേരങ്ങളിൽ പരിശീലനം.

**ലക്ഷ്യം 7** :ശുചിത്വ വിദ്യാലയം- ഹരിത വിദ്യാലയം- സ്കൂൾ സൗന്ദര്യവൽക്കരണം.

പ്രവർത്തനങ്ങൾ:

- മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ.

- കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ.
- ജൈവവൈവിധ്യ പാർക്ക്.
- വൃക്ഷവത്കരണം.
- ജൈവ കൃഷിത്തോട്ടം.
- പൂന്തോട്ടം.
- വർണ്ണ കൂടാരം.
- കുട്ടികളുടെ പാർക്ക്.
- വിദ്യാലയങ്ങളുടെ ചുമരുകൾ പഠന മൂല്യമുള്ളതാക്കി മാറ്റൽ, മരങ്ങൾക്ക് ചുറ്റും കുട്ടികൾക്കുള്ള ഇരിപ്പിടങ്ങൾ നിർമ്മിക്കൽ.
- പ്രവേശന കവാടം മികച്ചതാക്കൽ.

**ലക്ഷ്യം 8** : പരിസ്ഥിതി സംരക്ഷണം

<u>പ്രവർത്തനങ്ങൾ:</u>

- മികച്ച രീതിയിൽ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ
- സ്കൂളിലെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ
- സ്കൂളിലെ വൃക്ഷത്തൈകൾക്ക് പൂർണ്ണ സംരക്ഷണമൊരുക്കൽ .

**2.പൊതുലക്ഷ്യങ്ങൾ (ഭൗതികം ,അക്കാദമികം,വൈകാരികം )**

- 

<u>പൊതു ലക്ഷ്യം-ഭൗതികം</u>

- ക്ലാസ് മുറികളുടെ അഭാവം പരിഹരിക്കുക.
- ഹൈടെക് നിലവാരം ഉറപ്പുവരുത്തുന്ന രീതിയിൽ ക്ലാസ് മുറികൾ സജ്ജമാക്കുക.
- ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ നിർമ്മിക്കുക .
- ജൈവ വൈവിധ്യ പാർക്ക് .
- പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പസ്.
- ജൈവ മാലിന്യ സംസ്കരണം.

- ലൈബ്രറി ,ലബോറട്ടറി സൗകര്യങ്ങൾ വികസിപ്പിക്കുക.
- ശുദ്ധജല ലഭ്യത ഉറപ്പാക്കുക. കൃഷി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

<u>പൊതു ലക്ഷ്യം-അക്കാദമികം</u>

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും പ്രൈമറി തലത്തിൽ തന്നെ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഗണിത ക്രിയകൾ അനായാസം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- എഴുത്ത് ,വായന ,ചതുഷ്ക്രിയകൾ എന്നിവ എല്ലാ കുട്ടികളിലും പ്രാപ്തമാക്കുക.
- ഓരോ ക്ലാസിലും കുട്ടി കൈവരിക്കേണ്ട പഠന നേട്ടങ്ങൾ സ്വായത്തമാക്കുക.
- പഠിതാവിൽ രൂപപ്പെടുന്ന ആശയങ്ങൾ, ധാരണകൾ,നൈപുണികൾ ഇവ വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്താൻ സന്നദ്ധരാക്കുക.
- ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലെ കുട്ടികളിൽ ആശയങ്ങളും ധാരണകളും രൂപപ്പെടുന്നു വെങ്കിലും അത് വാചികമായും ലിഖിതമായും പ്രകടിപ്പിക്കാൻ 60 % കുട്ടികൾക്കും സാധിക്കുന്നില്ല ഇത് പരിഹരിക്കുക.
- ഭാഷാപരമായ ശേഷി വികസിപ്പിക്കുക.
- ശാസ്ത്ര പഠനം കൂടുതൽ ഗവേഷണാത്മകമാക്കുക.
- വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം രസകരമാക്കുക.
- പാഠപുസ്തകത്തിലെ എല്ലാ യൂണിറ്റുകൾക്കും പരിഗണന നൽകുക.
- കുട്ടിക്ക് പഠനനേട്ടം സ്വയം വിലയിരുത്തുന്നതിനുള്ള അവസരം നൽകുക.
- വിമർശന ചിന്തയും പ്രതികരണശേഷിയും വളർത്താൻ അവസരം നൽകുന്ന പഠനപ്രവർത്തനങ്ങൾ നൽകുക.
- ആശയങ്ങളും ധാരണകളും പഠിതാവിൽ എത്തിച്ചേരാൻ ജീവിതഗന്ധിയായ രീതിയിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
-

- ശിശു സൗഹാർദ്ദപരമായ സ്കൂൾ അന്തരീക്ഷവും പഠനാന്തരീക്ഷവും സൃഷ്ടിക്കുക.
- ഓരോ കുട്ടിയുടെയും പഠനനിലവാരം, പഠനദിശ, അഭിരുചി എന്നിവയുടെ അടിസ്ഥാനത്തിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പഠനത്തിൽ പിന്നാക്കം നിൽക്കുകയും എന്നാൽ കലാകായിക കാർഷികമേഖലകളിൽ മികവ് കാട്ടുന്ന കുട്ടികളെ കണ്ടെത്തി താല്പര്യമുള്ള മേഖലകളുമായി ബന്ധപ്പെടുത്തി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക.
- ഇംഗ്ലീഷ് ഭാഷ അനായാസേന കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
- പരിസ്ഥിതി സൗഹൃദപരമായ കലാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- മതേതരത്വം, സാഹോദര്യം, സമത്വം എന്നീ മൂല്യങ്ങളെ പ്രാവർത്തികമാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെ പറ്റി കുട്ടികളെ ബോധവാന്മാരാക്കുക.
- കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ പരിശീലനം നൽകുക.
- ലിംഗ വിവേചനം ഇല്ലാത്ത പഠനാന്തരീക്ഷം സൃഷ്ടിക്കുക.
- ഓരോ പഠന നേട്ടവുമായി ബന്ധപ്പെട്ട് കുട്ടിയുടെ പഠനനിലവാരം രക്ഷകർത്താവിനെ ബോധ്യപ്പെടുത്തുക.
- വിദ്യാലയവും സമൂഹവുമായിട്ടുള്ള ബന്ധം ശക്തിപ്പെടുത്തുക. മലയാളം മീഡിയത്തിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ മീഡിയം വ്യത്യാസം ഇല്ലാതെ മറ്റു ഭാഷകൾ കൈകാര്യം ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ആവിഷ്കാര സ്വാതന്ത്ര്യം കുട്ടികൾക്ക് നൽകുക.
- ശാസ്ത്ര പഠന നേട്ടങ്ങൾ, ഉപകരണ നിർമ്മാണം തുടങ്ങിയവയെ സംബന്ധിച്ചുള്ള അവധി ദിന ശില്പശാലകൾ സംഘടിപ്പിക്കുക.
- 

- വിഷയ അടിസ്ഥാനത്തിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുക. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കുക .
- ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ പ്രദർശിപ്പിക്കുകയും അവ സ്വയം വിലയിരുത്തുന്നതിന് കുട്ടിക്ക് അവസരം നൽകുകയും ചെയ്യുക.
- ഭാഷാപരമായ ശേഷി വളർത്തുക.
- ശാസ്ത്രപഠനം കൂടുതൽ ഗവേഷണാത്മകമാക്കുക.

<u>പൊതു ലക്ഷ്യം-വൈകാരികം</u>

കുട്ടികൾക്ക് പഠനത്തിലുള്ള താല്പര്യക്കുറവ്, രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ് എന്നിവ പരിഹരിക്കുക. വിദ്യാഭ്യാസത്തെക്കുറിച്ച് പൊതുസമൂഹത്തിനുള്ള മിഥ്യാധാരണകളായ ഇംഗ്ലീഷ് മീഡിയം, ശബ്ദരഹിത കാമ്പസ്, യൂണിഫോം എന്നിവ ദൂരീകരിക്കുക. കുട്ടികളിൽ കണ്ടുവരുന്ന ആത്മഹത്യ പ്രവണത, വിഷാദരോഗം, ഉൾവലിയൽ, ലഹരി ഉപയോഗം എന്നിവ കൗൺസിലിങ്ങിലൂടെ പരിഹരിക്കുക .പൊതുസമൂഹവുമായി ഇടപെടാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമായി കുട്ടിയിൽ ആത്മവിശ്വാസം വളർത്തുക. കുട്ടികളിൽ ശാസ്ത്രാവബോധം, പൗരബോധം, മിതവ്യയശീലം, ലിംഗ സമത്വം, സുസ്ഥിരവികസന കാഴ്ചപ്പാട്, മാധ്യമ അവബോധം, സഹവർത്തിത്വം എന്നിവ വളർത്തുക. കുട്ടികളുടെ ആവിഷ്ക്കാര സ്വാതന്ത്ര്യം ഉറപ്പുവരുത്തുക. പഠനനിലവാരവും ക്ലാസ് കയറ്റവും തമ്മിലുള്ള അകലം കുറയ്ക്കുക. രക്ഷിതാവിന്റെ ലഹരി ഉപയോഗം, ഗാർഹിക പീഡനം, ദാരിദ്ര്യം എന്നിവ കുട്ടികളെ ഏൽപ്പിക്കുന്ന മാനസിക പീഡനം ഉൾക്കൊണ്ട് സമാശ്വസിപ്പിക്കുക. കല,കായികം, കൃഷി, ഗണിതം, സാഹിത്യം, സാമൂഹ്യം എന്നീ മേഖലയിലെ പ്രതിഭകളെ കണ്ടെത്തി വളർത്തിക്കൊണ്ടു വരിക.

## സവിശേഷ ലക്ഷ്യങ്ങൾ

നിലവിൽ നമ്മുടെ സ്കൂളിലേക്ക് ആകർഷിക്കപ്പെടുന്നതിൽ ഭൂരിഭാഗവും സാമ്പത്തിക അരക്ഷിതാവസ്ഥ നേരിടുന്ന കുടുംബങ്ങളിൽ പെട്ട കുട്ടികളാണ്. മധ്യവർഗ്ഗത്തിൽ പെടുന്ന കുട്ടികളെ കൂടി ഇവിടേക്ക് എത്തിക്കേണ്ടതുണ്ട്. സാമൂഹിക തുലനാവസ്ഥ ഉറപ്പുവരുത്തേണ്ടത് നമ്മുടെ വിദ്യാലയത്തിന്റെ കടമയാണ്. ഇതിലേക്ക് നാം ചില സവിശേഷ ലക്ഷ്യങ്ങൾ രൂപീകരിച്ചിരിക്കുന്നു. ഇത്തരം ലക്ഷ്യങ്ങൾ ക്രമമായ ഇടവേളകളിൽ വിലയിരുത്തേണ്ടതുമാണ്. അതിനാൽ പൂർണ്ണമായ വഴക്കം സ്വീകരിച്ചിട്ടുണ്ട്.ഇവ താഴെപ്പറയും പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു.

- ➔ ഓരോ ക്ലാസിലും കുട്ടി കൈവരിക്കേണ്ട പഠനനേട്ടങ്ങൾ സ്വായത്തമാക്കുക.
- ➔ ഓരോ കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ച് നിലവാരം ,അഭിരുചി, പഠന ദിശ എന്നിവയുടെ അടിസ്ഥാനത്തിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ➔ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിൽ ആശയ ഗ്രഹണം നടന്നാൽ പോലും അത് വാചികമായും ലിഖിതമായും രേഖപ്പെടുത്താൻ കുട്ടികൾക്ക് കഴിയുന്നില്ല. ഇത് അവരുടെ സ്കോറിനെ ബാധിക്കുന്നു. അത്തരം ശേഷികൾ ആർജ്ജിക്കുക.
- ➔ വിമർശനചിന്ത, പ്രതികരണശേഷി എന്നിവ വളർത്തുക.
- ➔ പഠിതാവിൽ ജനാധിപത്യബോധം, മതേതരത്വം ,ക്രിയാത്മകത, സഹിഷ്ണുത, സംസ്കൃതിയോടും പൈതൃകത്തോടുമുള്ള ആദരവ്, പൗരധർമ്മം, പ്രകൃതിവിഭവ സംരക്ഷണം, സമാധാന വിദ്യാഭ്യാസം ,നിയമസാക്ഷരത, റോഡ് സുരക്ഷ, എന്നീ മൂല്യങ്ങൾ വളർത്തുന്ന രീതിയിൽ പൊതുചടങ്ങുകൾ സംഘടിപ്പിക്കുക .
- ➔ ലിംഗവിവേചനമില്ലാത്ത ഗൃഹാന്തരീക്ഷം ,സ്കൂൾ അന്തരീക്ഷം എന്നിവ ഉറപ്പാക്കുക.
- ➔ തീരദേശ മേഖലയിൽപെട്ട കുട്ടികൾക്കായി പ്രത്യേക ദുരന്തനിവാരണ ബോധവൽക്കരണം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ് മുഖാന്തിരം നടത്തുക.

- പ്ലാസ്റ്റിക് വിരുദ്ധ കാമ്പസ് ,ജൈവ മാലിന്യ സംസ്കരണംഎന്നിവ ഉറപ്പാക്കുക.
- മലയാളം മീഡിയത്തിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ ശ്രേഷ്ഠഭാഷാചരണം നടത്തുക .
- നമ്മുടെ മേഖലയിൽ പരമ്പരാഗതമായി നിലവിലിരുന്ന തൊഴിൽ മേഖലകൾ, കുടിൽ വ്യവസായങ്ങൾ എന്നിവയെക്കുറിച്ച് ധാരണ ഉളവാക്കുക.
- ഓരോ അക്കാദമിക് വർഷത്തിലും ആരംഭത്തിൽ തന്നെ പ്രീ -ടെസ്റ്റുകൾ നടത്തുകയും വേണ്ടത്ര ശേഷികൾ നേടിയിട്ടില്ലാത്ത കുട്ടികൾക്കായി പരിഹാരബോധനം നടത്തുകയും ചെയ്യുക.
- എല്ലാ മാസവും യൂണിറ്റ് ടെസ്റ്റുകൾ ,ക്ലാസ് പി .ടി .എ .യോഗങ്ങൾ നടത്തുക.
- നിശ്ചിത ലക്ഷ്യങ്ങൾ നേടിയ കുട്ടികളെയും അതിനു സഹായിച്ച അധ്യാപകരേയും ആദരിക്കുക.
- കലാ -കായിക പഠനത്തിനായി കൂടുതൽ ഒഴിവുസമയം കണ്ടെത്തുകയും വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.
- ഗൃഹ സന്ദർശനം, കോർണർ പി.ടി.എ. യോഗങ്ങൾ സംഘടിപ്പിക്കുക.
- കൗൺസിലിംഗ് സംവിധാനം ഉറപ്പു വരുത്തുക.
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മതിയായ വൈദ്യസഹായം ,പഠനോപകരണങ്ങൾ, ദൃശ്യ ശ്രവണ സഹായികൾ എന്നിവ എത്തിക്കുക.
- ധനസമാഹരണം ആവശ്യമായ ഘട്ടങ്ങളിൽ പൂർവ്വ വിദ്യാർത്ഥികൾ,പി.ടി.എ. എസ് .എം.സി .എന്നിവരുടെ കൂട്ടായ്മയിൽ കൃത്യമായ ബഡ്ജറ്റ് തയ്യാറാക്കി ഫണ്ട് ശേഖരണം നടത്തുക .

..........................................................................................................................

വിദ്യാലയത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ എന്ന് ഓരോ മാസത്തിലും അവലോകനം ചെയ്യേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പൊതു ലക്ഷ്യങ്ങൾ വിഷയാടിസ്ഥാനത്തിൽ തരം തിരിച്ച് പ്രവർത്തന വിശദാംശങ്ങൾ വിശദപദ്ധതി വിവരത്തിൽ ഉൾക്കൊള്ളിക്കുന്നതാണ്.

1) പ്രീ-പ്രൈമറി

2) എൽ.പി.വിഭാഗം

- മലയാളം ,ഇംഗ്ലീഷ് ,ഗണിതം ,പരിസരപഠനം ,അറബിക് .

3) യു. പി. വിഭാഗം

- മലയാളം, ഇംഗ്ലീഷ് ,ഹിന്ദി ,അടിസ്ഥാന ശാസ്ത്രം ,സാമൂഹ്യ ശാസ്ത്രം,ഗണിതം,അറബിക്

4)ഹൈസ്കൂൾ വിഭാഗം

- മലയാളം, ഇംഗ്ലീഷ് ,ഹിന്ദി ,അടിസ്ഥാന ശാസ്ത്രം ,സാമൂഹ്യ ശാസ്ത്രം,ഗണിതം,അറബിക്

**അക്കാഡമിക് മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായുള്ള സ്കൂൾതല മോണിറ്ററിങ് സമിതി**

.................................................................................

പ്രഥമാധ്യാപിക

പി.ടി.എ.പ്രസിഡന്റ്

എസ് .എം.സി.ചെയർമാൻ

എസ് .ആർ.ജി.കൺവീനർ

ഓരോ വിഭാഗത്തിലെയും സീനിയർ അധ്യാപികമാർ

സബ്ജെക്ട് കൌൺസിൽ കൺവീനർമാർ

# ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ അടുത്ത 3 വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് തയാറാക്കിയിട്ടുള്ള ഒരു സജീവ രേഖയാണ്. എന്നാൽ പ്രവർത്തനത്തിന് ഓരോ ഘട്ടത്തിലും കാലാനുസൃതമായ കൂട്ടിച്ചേർക്കൽ സാധ്യമാകുന്ന തരത്തിൽ വഴക്കത്തോടെയാണ് ഇത് തയാറാക്കിയിട്ടുള്ളത്.പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് .ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന് ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് ഉറപ്പുണ്ട് .പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.സമഗ്രമായി നമ്മുടെ വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മുൻഗണന നിശ്ചയിക്കുകയും ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പദ്ധതി തികച്ചും പ്രചോദ നാത്മകവും പ്രതീക്ഷയുണർത്തുന്നതുമാണ് .

************************************************************************************

# പ്രീ–പ്രൈമറി വിഭാഗം

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ കുലശേഖരപുരം പഞ്ചായത്തിൻ കളരിവാതുക്കൽ ക്ഷേത്രത്തിന് സമീപത്തായി സ്ഥിതിചെയ്യുന്ന വിദ്യാലയ മുത്തശ്ശിയാണ് കുലശേഖരപുരം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ. കളരിവാതുക്കൽ ക്ഷേത്രത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്നതിനാൽ "കളരിവാതുക്കൽ സ്കൂൾ" എന്ന് പ്രാദേശികമായി അറിയപ്പെടുന്ന ഈ സ്കൂളിനെ 2017-ൽ  കൊല്ലം ജില്ലയിലെ മാതൃകാ വിദ്യാലയമായി പ്രഖ്യാപിച്ചു .ഇന്ന് 131 വർഷം പിന്നിടുന്ന വിദ്യാലയ മുത്തശ്ശിയാണിത്.

എൽ. പി. ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട  ഡി.ഡി. യുടെ അനുവാദത്തോടെ 2008 ജൂണിൽ പ്രീ - പ്രൈമറി ക്ലാസുകൾ ആരംഭിച്ചു. തുടക്കത്തിൽ രണ്ട് അധ്യാപകരും ഒരു ആയയും 26 കുട്ടികളുമാണ് ഉണ്ടായിരുന്നത് .തുടർന്നു വന്ന വർഷങ്ങളിൽ ക്രമാനുഗതമായ വർദ്ധനവ് കുട്ടികളിലും ജീവനക്കാരിലും ഉണ്ടായി. ഹോണറേറിയം  വാങ്ങുന്ന നാല്  അധ്യാപകരും മൂന്ന് ആയമാരും നിലവിലുണ്ട്.

ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് 25 പ്രകാരം കുട്ടികളുടെ ആജീവനാന്ത വികസനത്തിനും അവരുടെ സിദ്ദികളുടെ പൂർണ്ണമായ സാക്ഷാത്കാരത്തിനും അടിത്തറയിടുന്ന നിർണായകമായ ഘട്ടമാണ് ആദ്യത്തെ ഏഴ് വർഷക്കാലം. മസ്തിഷ്ക വളർച്ചയുടെ 85 ശതമാനവും നടക്കുന്നത് ആദ്യത്തെ മൂന്നു വർഷത്തിനുള്ളിൽ ആണ് .ശിശുവിന്റെ വളർച്ചയും വികാസവും ഒരു തുടർപ്രക്രിയയാണ്. ശൈശവത്തിൽ ദ്രുതഗതിയിലുള്ള വളർച്ചയാണ് ഉണ്ടാകുന്നത്. അതുകൊണ്ട് അതിനാവശ്യമായ മുഴുവൻ പിന്തുണ സംവിധാനങ്ങളും ഉറപ്പുവരുത്തണം. മസ്തിഷ്ക വളർച്ച ഏറ്റവും വേഗത്തിൽ നടക്കുന്ന കാലഘട്ടം എന്ന നിലയിൽ ഈ പ്രായത്തിൽ പഠന അനുഭവങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്.

മൂന്നു വയസ്സു മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികൾക്കാണ്  പ്രീ- സ്കൂൾ വിദ്യാഭ്യാസം. ദ്രുതഗതിയിലുള്ള മസ്തിഷ്ക വികാസവും ശാരീരിക വളർച്ചയും നടക്കുന്ന ഈ

കാലയളവിൽ കുട്ടികളുടെ വികാസമേഖലകളായ ശാരീരിക ചാലക വികാസം, ഭാഷാ വികാസം,വൈജ്ഞാനിക വികാസം, സാമൂഹിക വികാസം, സർഗാത്മക വികാസം എന്നീ വികാസ മേഖലകളെ പരിപോഷിപ്പിക്കാനും കുട്ടികളുടെ സമഗ്ര വികാസങ്ങൾ രൂപപ്പെടുത്തുന്നതിനും വേണ്ടി ഭയരഹിതവും സംതൃപ്തി ഉളവാകുന്നതുമായ സൗഹൃദ അന്തരീക്ഷത്തോടെ ക്ലാസുകളിൽ നൽകാൻ 30 തീമുകൾ ക്രമീകരിച്ചിട്ടുണ്ട്.

കാലയളവ് അനുസരിച്ച് അവ ചെറിയ പ്രവർത്തനങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും നൽകി പ്രോത്സാഹനവും അംഗീകാരവും കൊടുക്കുക എന്നതാണ് ലക്ഷ്യം.

**"കളിയാണ് രീതി,സ്നേഹമാണ് ഭാഷ "**

**ജൂൺ**

1.കുടുംബം

2.വീടുംപരിസരവും

#.അച്ഛനും അമ്മയും മക്കളും ചേർന്നതാണ് കുടുംബം.

#.ചിത്രങ്ങൾ കണ്ടു ആശയങ്ങൾ പറയാൻ കഴിയുന്നു.

#.പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു.

#. പലതരം സസ്യങ്ങൾ വീടിനു ചുറ്റും നട്ടുവളർത്താറുണ്ട്.

#. വീട്ടിലുള്ളവർ പരസ്പര സ്നേഹത്തോടെ ഇടപെടുന്നു.

#. കഥ,പാട്ട് എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു.

**ജൂലൈ**

3.ഞാനും എന്റെ ശരീരവും

4. മഴയും കാലാവസ്ഥയും

5. സസ്യങ്ങൾ പഴങ്ങൾ.

#. ശരീരം വൃത്തിയായി സൂക്ഷിക്കണം.

#. മഴപെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു. മഴയുള്ള കാലവും മഴയില്ലാത്ത കാലവും ഉണ്ട്.

#. മഴപെയ്യുമ്പോൾ തണുപ്പ് ഉണ്ടാകുന്നു.

#. വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കണം.

#. പഞ്ചേന്ദ്രിയങ്ങളെ പരിചയപ്പെടുത്തി വസ്തുക്കളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി പറയാനും കഴിയുന്നു.

#. പഴങ്ങളുടെ ആകൃതി മണം രുചി എന്നിവ വ്യത്യസ്തമാണ്.

#. സസ്യങ്ങളുടെ ഇലകൾ കുട്ടികളെ പരിചയപ്പെടുത്തി കൊടുക്കുന്നു.

#. പ്രകൃതി നടത്തത്തിലൂടെ ചുറ്റുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുന്നു.

**ഓഗസ്റ്റ്**

6. ആഹാരം.

7. ആഘോഷങ്ങൾ സ്വാതന്ത്ര്യ ദിനം

8. ആരോഗ്യം രോഗങ്ങൾ ആശുപത്രി

#. മനുഷ്യൻ മാത്രമല്ല മറ്റു ജീവികളും ആഹാരം കഴിക്കുന്നു.

#. ശുചിത്വമുള്ള ആഹാരം കഴിക്കുക.

#. ഉപ്പ് എരിവ് മധുരം എന്നീ രുചികളുള്ള ആഹാരം ഉണ്ട്.

#. കണ്ടത്തിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങളിൽ അവതരിപ്പിക്കാനും കഴിയുന്നു

#.ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു

#.പിറന്നാൾ വിവാഹം തുടങ്ങിയ ആഘോഷങ്ങൾ വീട്ടിലുണ്ടാകാറുണ്ട്.

#. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും അലങ്കരിക്കുന്നു.

#.സ്വാതന്ത്ര്യദിനാഘോഷത്തിൽ കുട്ടികൾ പങ്കെടുക്കുന്നു.

#. ആഘോഷത്തിന്റെ ഭാഗമായി കുട്ടികളെ കൊണ്ട് ബാഡ്ജ് തയ്യാറാക്കിക്കുന്നു.

#. ആരോഗ്യത്തിന് ശുചിത്വ ശീലങ്ങൾ വളരെ പ്രധാനമാണ്.

#.ശരീര ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

#.രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.

#. ആശുപത്രിയിൽ ഡോക്ടർ നേഴ്സ് എന്നിവരുണ്ട്.

#. വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ പാലിച്ചാൽ രോഗങ്ങളിൽ നിന്നും രക്ഷനേടാൻ കഴിയും.

**സെപ്റ്റംബർ**

9. പൂക്കൾ പൂന്തോട്ടം ശലഭങ്ങൾ

10. ഓണം റംസാൻ.

11. പച്ചക്കറികൾ.

#. പലതരത്തിലുള്ള പൂക്കൾ ഉണ്ട്.

#. പൂക്കൾ ഉണ്ടാകുന്നതും ഇലകൾ കാഴ്ചയിൽ ഭംഗിയുള്ളതും ആയ ചെടികൾ നട്ടുവളർത്താറുണ്ട്.

#. മണമുള്ളതും മണമില്ലാത്തതുമായ പൂക്കൾ ഉണ്ട്.

#. പൂക്കളിൽ നിന്നും തേൻ കുടിക്കുന്നതിനായി വണ്ടും പൂമ്പാറ്റകളും തേനീച്ചയും ചെറുകിളികളും വരുന്നു.

#. വെള്ളത്തിൽ വളർന്നു പൂക്കൾ പിടിക്കുന്ന ചെടികളും ഉണ്ട്.

#. അലങ്കാരത്തിന് പൂക്കൾ ഉപയോഗിക്കുന്നു

#.പല നിറത്തിലും വലിപ്പത്തിലുമുള്ള ശലഭങ്ങൾ ഉണ്ട്.

#. ഓണം റംസാൻ തുടങ്ങി പല ആഘോഷങ്ങളും ഉണ്ട് ഓരോന്നിനും അതിന്റെ തായപ്രത്യേകതകൾ ഉണ്ട്.

#.ആഘോഷത്തിന്റെ ഭാഗമായി ക്ലാസും പരിസരവും സ്കൂളും അലങ്കരിക്കുന്നു.

#.ഓണാഘോഷത്തിൽ എല്ലാ കുട്ടികളും പങ്കെടുക്കുന്നു..

#.വിവിധതരം കളികളിൽ ഏർപ്പെടുന്നു വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

#.പച്ചക്കറികൾ പലതരം ഉണ്ട്.

#.നിറം വലിപ്പം ആകൃതി മണം രുചി എന്നിവയിൽ അവയ്ക്ക് വ്യത്യാസം ഉണ്ട്.

#.പാകം ചെയ്തും അല്ലാതെയും കഴിക്കുന്ന പച്ചക്കറികൾ ഉണ്ട്

#.വീട്ടിലും സ്കൂളിലും പച്ചക്കറികൾ നട്ടുവളർത്തുന്നുണ്ട്

#.വള്ളിപോലെ പടർന്നു വളരുന്നവയും കുറ്റിച്ചെടികൾ പോലെയുള്ള പച്ചക്കറികളും ഉണ്ട്.

#.ആഹാരത്തിൽ പച്ചക്കറികൾ ഉൾപ്പെടുത്തണം.

**ഒക്ടോബർ**

12. ഗാന്ധിജയന്തി

13. ജീവികൾ വളർത്തു ജീവികൾ ,വളർത്തു പക്ഷികൾ.

14. വന്യജീവികൾ.

15. മണ്ണ് കൃഷി.

#.ഗാന്ധിജയന്തി ,ശിശുദിനം എന്നീ ആഘോഷങ്ങൾ സ്കൂളിൽ നടത്തുന്നു.

#.ഗാന്ധിജയന്തിയോട് അനുബന്ധിച്ച് ബാഡ്ജുകൾ നിർമ്മിക്കുകയും പാട്ടുകൾ പാടുകയും ചെയ്യുന്നു.

#.ചിത്രങ്ങൾ വരച്ച് നിറം നൽകുന്ന ആഘോഷത്തിന്റെ ഭാഗമായി സ്കൂളും പരിസരവും വൃത്തിയാക്കുന്നു അലങ്കരിക്കുന്നു.

#. മൃഗങ്ങളെ വീട്ടിൽ വളർത്താറുണ്ട് .

#.വളർത്തു മൃഗങ്ങളെ കൊണ്ട് നമുക്ക് ഉപയോഗമുണ്ട്.

#.ചില പക്ഷികളെയും വീട്ടിൽ വളർത്താറുണ്ട് നമുക്ക് ഉപയോഗമുള്ളവയും ഭംഗിക്കുവേണ്ടി വളർത്തുന്നവയും ഉണ്ട് .

#.പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു.ശബ്ദം അനുകരിക്കുന്നു.

#.കാട്ടിൽ വളരുന്ന ചെറുതും വലുതുമായ മൃഗങ്ങളുണ്ട് അവ തനിയെ ആഹാരം കണ്ടെത്തുന്നു.

#.മാംസാഹാരം കഴിക്കുന്നവയും സസ്യാഹാരം കഴിക്കുന്നവയും ഉണ്ട്.

#.രക്ഷകർത്താക്കളുടെ സഹായത്തോടെ കുട്ടികൾ മുഖംമൂടികൾ നിർമ്മിക്കുന്നു

#.ചെടികൾ വളരുന്നത് മണ്ണിലാണ്.

#.മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു. വിത്തുകൾ പാകിയും കമ്പുമുറിച്ചു നട്ടും പുതിയ ചെടികൾ കിളിപ്പിക്കാൻ കഴിയും.

#.മൃഗങ്ങൾ യന്ത്രങ്ങൾ എന്നിവയെ കൃഷിക്ക് സഹായിക്കാനായി ഉപയോഗിക്കുന്നു.

#.ചെടിക്ക് വളരുവാനായി വെള്ളം വളം എന്നിവ ആവശ്യമാണ് .

#.മണ്ണ് കുഴച്ച് മണ്ണപ്പം ഉണ്ടാക്കുന്നു കളിമണ്ണു കുഴച്ച് രൂപങ്ങൾ ഉണ്ടാക്കുന്നു.

**നവംബർ**

16. തൊഴിൽ

17. ശിശുദിനം

18. പക്ഷികൾ.

#.പലതരം തൊഴിൽ ചെയ്യുന്നവർ നമുക്കുചുറ്റുമുണ്ട്

#.തൊഴിൽ ചെയ്താൽ കൂലി കിട്ടും

#.ജോലി ചെയ്തു കിട്ടുന്ന പണം കൊണ്ടാണ് ഓരോ വീട്ടിലുള്ളവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നത്

#.തൊഴിൽ ചെയ്യാൻ തൊഴിൽ ഉപകരണങ്ങൾ വേണം

#. ശിശുദിനവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്തുന്നു

#. ശിശുദിന ബാഡ്ജ് തയ്യാറാക്കുന്നു

#.ശിശുദിന റാലിയിൽ പങ്കെടുക്കുന്നു കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട ചാച്ചാജിയുടെ ജന്മദിനമാണ് ശിശുദിനമായി ആഘോഷിക്കുന്നത് പാട്ടുകൾ പാടുന്നു.

#.നമുക്കുചുറ്റും പലതരം പക്ഷികൾ ഉണ്ട്.

#.ചില പക്ഷികളെ വീട്ടിൽ വളർത്തുന്നു പക്ഷികളുടെ നിറം വലിപ്പം ആകൃതി ശബ്ദം എന്നിവ വ്യത്യസ്തമാണ്.

**ഡിസംബർ**

19. പ്രാണികളും ഇഴജന്തുക്കളും

20. വസ്ത്രം

21. ക്രിസ്തുമസ്.

#.വീടിനകത്തും പുറത്തും ധാരാളം പ്രാണികൾ ഉണ്ട്

#.വിഷമുള്ളതും ഇല്ലാത്തതുമായ പ്രാണികൾ ഉണ്ട്

#.കൊതുക് ഈച്ച എന്നിവ അസുഖങ്ങൾ പകർത്തുന്നു

#.കൊതുകിൽ നിന്നും രക്ഷ നേടാനായി കൊതുക വല ഉപയോഗിക്കുന്നു

#.ആഹാരസാധനങ്ങൾ അടച്ച് സൂക്ഷിക്കണം.

#.ആരോഗ്യ പാട്ട് നാടകം എന്നിവ അവതരിപ്പിക്കുന്നു

#.ഇഴജന്തുക്കൾ മണ്ണിലെ മാളങ്ങളിൽ വസിക്കുന്നു.

എല്ലാ മനുഷ്യരും വസ്ത്രങ്ങൾ ധരിക്കുന്നു ആൺ പെൺ ഭേദം അനുസരിച്ച് വ്യത്യസ്ത തരത്തിലുള്ള വസ്ത്രങ്ങൾ ഉപയോഗിക്കുന്നു. മുതിർന്നവരും കുട്ടികളും വ്യത്യസ്ത തരത്തിലുള്ള വസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത്.

#. എല്ലാവർഷവും ഡിസംബർ 25 ന് ക്രിസ്തുമസ് ആഘോഷിക്കുന്നു.

യേശുക്രിസ്തുവിന്റെ ജന്മദിനമാണ് ക്രിസ്തുമസ് ആയി ആഘോഷിക്കുന്നത് ക്രിസ്തുമസ്സിനു മുന്നോടിയായി വീടുകൾ അലങ്കരിക്കുകയും വീടുകളിലും കടകളിലും സ്റ്റാർ തൂക്കുകയും ചെയ്യുന്നു. പുൽക്കൂട് ക്രിസ്മസ് ട്രീ എന്നിവ ഒരുക്കുന്നു. ആഘോഷത്തിന്റെ ഭാഗമായി സ്കൂളും പരിസരവും അലങ്കരിക്കുന്നു.

**ജനുവരി**

22. വാഹനങ്ങൾ.
23. എന്റെ ഗ്രാമം
24. പൊതു സ്ഥാപനങ്ങൾ

#.ചെറുതും വലുതുമായ വാഹനങ്ങൾ റോഡിൽ കൂടി പോകുന്നു.

#.2 3 4 6 എന്നിങ്ങനെ ചക്രങ്ങളുള്ള വാഹനങ്ങൾ ഉണ്ട്.

#.ആളുകൾക്ക് സഞ്ചരിക്കുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും പ്രത്യേകം പ്രത്യേകം വാഹനങ്ങളുണ്ട്.

#.വെള്ളം കര വായു എന്നിവിടങ്ങളിൽ കൂടി വാഹനങ്ങൾ പോകുന്നു.

#. മൃഗങ്ങളുടെ സഹായത്തോടെയും മനുഷ്യന്റെ സഹായത്തോടെയും പോകുന്ന വാഹനങ്ങളുണ്ട്.

#.മോട്ടർ ഉള്ളതും ഇല്ലാത്തതുമായ വാഹനങ്ങൾ ഉണ്ട് വാഹന പാട്ട് കഥ എന്നിവ പാടുന്നു.

ഗ്രാമം നഗരം എന്നിവ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നു ഗ്രാമത്തിൽ പുഴ, തോട്, അരുവി ,പാടങ്ങൾ, മലകൾ, പാലം, കളിസ്ഥലം, കൃഷിയിടം, പലതരം കിളികൾ, നാടൻ കലകൾ, അമ്പലങ്ങൾ ,പള്ളികൾ, ഉത്സവങ്ങൾ എന്നിവയുണ്ട്.

പട്ടണത്തിൽ വലിയ വലിയ കെട്ടിടങ്ങൾ, ഫാക്ടറികൾ, ഫ്ലാറ്റുകൾ എന്നിവയുണ്ട്. വലുതും ചെറുതുമായ വാഹനങ്ങൾ കൂടുതലുള്ളത് പട്ടണങ്ങളിലാണ്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതുസ്ഥാപനങ്ങൾ ഉണ്ട്.

വീട്ടിലേക്ക് ആവശ്യമുള്ള മത്സ്യം പച്ചക്കറി പഴങ്ങൾ എന്നിവ വാങ്ങുന്നത് ചന്തയിൽ നിന്നാണ് കുട്ടികൾക്ക് കളിക്കാനും മുതിർന്നവർക്ക് സായാഹ്നസവാരി നടത്താനും പാർക്കുകളിൽ പോകുന്നു.

**ഫെബ്രുവരി**

25. കലകൾ പ്രാദേശിക ഉത്സവങ്ങൾ
26. ആകാശം.
27. കളികൾ വിനോദങ്ങൾ.

#.നാട്ടിൽ പലതരം ഉത്സവങ്ങൾ ഉണ്ട് ഓരോ ഉത്സവങ്ങളുമായി ബന്ധപ്പെട്ട വ്യാദ്യോപകരണങ്ങളും ഉണ്ട്. വിവിധതരം കലാരൂപങ്ങളും അവയ്ക്ക് വ്യത്യസ്തമായ വേഷവിധാനങ്ങളും ഉണ്ട്.

ആഘോഷത്തിന്റെ ഭാഗമായി ആന മുത്തുക്കുട വെടിക്കെട്ട് വള്ളംകളി തുടങ്ങിയവ നടക്കുന്നു.

വാദ്യോപകരണങ്ങൾ പല ശബ്ദത്തിലും വലിപ്പത്തിലും ആകൃതിയിലും ഉണ്ട് ഓരോന്നിനും ഓരോ ശബ്ദങ്ങൾ ഉണ്ട്.

പകൽ സമയത്ത് സൂര്യനെയും രാത്രിയിൽ ചന്ദ്രനെയും നക്ഷത്രങ്ങളെയും കാണാം. സൂര്യനുദിക്കുമ്പോൾ വെളിച്ചം ഉണ്ടാകുന്നു സൂര്യൻ അസ്തമിക്കുമ്പോൾ ഇരുട്ടാകുന്നു.

കളികൾ പലതരം ഉണ്ട് കളിപ്പാട്ടം ഉപയോഗിച്ചും അല്ലാതെയും കളിക്കാം കളിപ്പാട്ടങ്ങൾ പലതരമുണ്ട് നിർമ്മിക്കാവുന്നതും വില കൊടുത്തു വാങ്ങാവുന്നതും കളികളിൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട് രണ്ടോ അതിൽ കൂടുതലോ ആൾക്കാർ കളിക്കാൻ ഉണ്ടാവണം.

**മാർച്ച്**

28. റേഡിയോ ടിവി ഫോൺ

29. വെള്ളം പുഴ കടൽ

30. കാട് മരങ്ങൾ

#വാർത്ത അറിയാൻ വിവിധ മാർഗ്ഗങ്ങളുണ്ട്.

#.വിവരങ്ങൾ അങ്ങോട്ടുമിങ്ങോട്ടും അറിയിക്കുന്നതിന് ഫോൺ ഉപയോഗിക്കുന്നു

#.വാർത്തകൾ വിനോദ പരിപാടികൾ എന്നിവ കാണുന്നതിന് ടിവിയും കേൾക്കുന്നതിന് റേഡിയോയും ഉപയോഗിക്കുന്നു.

#.പത്രം വായിച്ച് നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നു.

#.കമ്പ്യൂട്ടർ ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ ഉണ്ട്.

വെള്ളം കിട്ടുന്നത് മഴയിലൂടെയാണ് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതും താഴ്ന്നു പോകുന്നതുമായ വസ്തുക്കൾ ഉണ്ട് കുടിക്കാനും കുളിക്കാനും ആഹാരം പാകം ചെയ്യുന്നതിനും മറ്റു ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ഉപയോഗിക്കുന്നു വിവിധ ജലാശയങ്ങൾ ഉണ്ട്.

നമ്മൾ നട്ടുവളർത്തുന്നതും അല്ലാത്തതുമായ മരങ്ങൾ ഉണ്ട്.

ചക്ക, മാങ്ങ, പേരയ്ക്ക, നെല്ലിക്ക തുടങ്ങിയ കായഫലങ്ങൾ ലഭിക്കുന്നു വീടും വീട്ടുപകരണങ്ങളും ഉണ്ടാക്കാൻ മരം ഉപയോഗിക്കുന്നു വിറക് കത്തിക്കാൻ ഉപയോഗിക്കുന്നു മരങ്ങളെയും കാടിനെയും സംരക്ഷിക്കാം.

..............................................................................................................................

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | SRG<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

| [illegible] | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം. സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പത്രപ്രവർത്തനങ്ങളിൽ നിന്നും തെരഞ്ഞെടുക്കൽ | പ്രതിമാസം വർഷം മുഴുവൻ | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| OBJECTIVES | ACTIVITIES | RESOURCES | [illegible] |
|---|---|---|---|
| Giving importance for the acquisition of alphabets for those who have not learned it in the lower classes. | Introducing letters with the help of charts, letter cards, puzzles etc | Charts, letter cards, story books | H.M, Teachers |
| To improve listening, reading, speaking and writing skills in English | Simple words, Sentence construction | Charts, word cards | H.M, Teachers |
| Developing listening skills and pronunciation | Encouraging, Listening to English news, watching English films etc. | Radio, T.V | Parents |
| To enrich vocabulary | Creating a dictionary with new words and meanings language games- word scrabble puzzle | Dictionary | H.M, Teachers |
| Effective use of library | Effective use of reading corners in class rooms, book reviews, E-reading | News paper, Library books, Language lab | Teachers, Parents |
| Enhancing reading habits | Preparing reviews of the books read. Introducing a book in the assembly | Library books | English teachers |
| To develop writing skills | Competitions organized by English club, Youth festival, story writing, prepare class magazine, School | Text Books library, Internet | English club convener |

| | | | |
|---|---|---|---|
| | English club, communicative English class, group activities in class room, role play in the class skit, seminars , debates, conducting English Assembly which boost learners confidence in using language. | library, English club | H.M, Resource persons. |
| To make minimum use of ICT in English language learning. Teacher takes special care of child with special needs (CWSN) students. Try to participate these students in all activities. | Visual presentation of the text, Short films, Documentary | Internet | Teachers, H.M |
| Assessment of these learning skills. | Test paper, Elocution competition, Reading competition etc | English class | H.M, English teachers |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br><br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br><br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br><br>സപ്തംബർ<br><br>മാസത്തിൽ ഒന്ന് വീതം | ടണം.എ<br><br>ക്ലാസ് ടീച്ചർ<br><br>SRG<br>ക്ലാസ് ടീച്ചർ | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ) | ആഴ്ചയിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |
| | ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | മാസത്തിൽ ഒന്ന് വീതം | | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ , ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമനോഭാവമുള്ള വ്യക്തിത്വവും സാഹചര്യവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാകാഴ്ചകൾ - ഇല | സെപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നാട്ടുകാരും കർഷകരും | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025-26

## ഗവ.മോഡൽ എച്ച്. എസ്.എസ് കുലശേഖരപുരം

## അറബ്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ ജൂലൈ ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നേട്ടത്തിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നേട്ടത്തിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുന്നിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കലണ്ടർ |
|---|---|---|---|---|---|
| പദനിർമാണം പദശേഖരണം | 1. അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2. പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപകരണമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ ചിത്രങ്ങളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപയോഗ വാക്യങ്ങൾ കഥ കവിത ശേഖരിച്ച് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ആവശ്യമുള്ള പോസ്റ്ററുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം ചെയ്യുന്നു | | | ജൂൺ - മാർച്ച് |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 51. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 61. കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണമികവ്. | **സെന്റ് മേരീസ് എഫ്.എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teachers | English Club |
| To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes. | | | |
| | Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | July | | |

| | | | | |
|---|---|---|---|---|
| To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January - February | English Teachers | English Club |

## ഹിന്ദി - യു.പി.വിഭാഗം

### മേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ- ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് ,സി.ഡി.യിൽ അക്ഷരം രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന -തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും മറ്റ് ഹിന്ദി ചിത്രങ്ങൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യം ഉള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി സംസാരം -ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും .നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും .അവരുടെ ചെറിയ- ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും. വായനയ്ക്ക് ...........ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും .കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിരാഗന്ധി-ജൈവവൈവിധ്യ പാർക്ക്** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ വരാണിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം, കാലയളവ് | | ക്ലാസ് |
|---|---|---|---|---|
| | | ഹ്രസ്വകാലം | ദീർഘകാലം | |
| 1 | ഗണിതപഠനം ഉല്ലാസപ്രദവും കൗതുക കരവുമാക്കി മുഴുവൻ കുട്ടികളും ഗണിത ശേഷികൾ ഉറപ്പാക്കുന്നു. | • ഗണിത ശില്പശാല<br>• ക്ലാസ് പി.ടി.എ.വിളിച്ചുചേർക്കുന്നു.<br>• പ്രവർത്തിപരിചയത്തിലൂടെ ഗണിതാശയങ്ങൾ രൂപീകരിക്കുന്നു. | | 5,6,7 |
| 2 | ദൈനം ദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം,വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു. | • സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം,<br>• പത്തിന്റെ കൂട്ടങ്ങൾ ആക്കൽ (കല്ല്,ഈർക്കിൽ ,വളപ്പൊട്ട് ,മഞ്ചാടി...),<br>• ഗ്രൂപ്പുകൾ കൂട്ടിച്ചേർത്തു സങ്കലനം,സങ്കലനപട്ടിക പ്രദർശനം. | • കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും,കുറക്കാനുമുള്ള പരിശീലനം (വീട് ,വിദ്യാലയം) | 5,6,7 |
| 3 | വസ്തുക്കളെ ഗണിതാശയങ്ങൾ . ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു | • ചിത്ര സഹായത്തോടുള്ള പഠനം ,<br>• പേപ്പർ കട്ടിങ്സ്, ജ്യാമിതിയ രൂപങ്ങൾ പട്ടികപ്പെടുത്തൽ. (നിത്യോപയോഗ സാധനങ്ങൾ). | | 5,6,7 |
| 4 | ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു. | | • ഗണിതകേളികൾ ക്ലാസ് തലത്തിൽ,<br>• ശില്പശാല,<br>• കുട്ടിക്കവിതകൾ ശേഖരണം,<br>• കണക്കിലെ കളികൾ | 5,6,7 |

| | | | | |
|---|---|---|---|---|
| | | | • [illegible] [illegible] (കടംകഥകൾ ,ഉപന്യാസ രചന,ക്വിസ് ) . | |
| 5 | കൃത്യതയോട്ടും സൂക്ഷ്മതയോട്ടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുന്നു. | • വിലവിവര പട്ടിക പ്രദർശനം,<br>• തുല്യമായി പങ്കുവെക്കൽ (കേക്ക്,പപ്പടം,ലഡ്ഡു...)<br>• സ്ഥാനവില പോക്കറ്റ്നിർമ്മാണം . | | 5,6,7 |
| 6 | ഗണിത പഠനത്തിൽ ഐ.സി.ടി.സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു. | • കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ . | | 5,6,7 |
| 7 | ജ്യാമിതിയരൂപങ്ങൾ തിരിച്ചറിയുന്നു.നിർമ്മിക്കുന്നു. | • ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ (നിത്യോപയോഗ സാധനങ്ങൾ),<br>• ജ്യാമിതീയരൂപങ്ങൾ വരക്കൽ ,<br>• മട്ടകോണിന്റെയും ,മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ. | • ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം (ചതുരം,സമചതുരം,വൃത്തം, ത്രികോണം). | 5,6,7 |
| 8 | സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു. | • സംഖ്യാകാർഡുകൾ. | • വിവിധ പാറ്റേണുകൾ വ്യക്തിഗതമായും,ഗ്രൂപ്പായും നിർമ്മിക്കുന്നു. | 5,6,7 |
| 9 | ഗുണനപ്പട്ടിക മനഃപാഠമാക്കുന്നു. | • ആവർത്തന വായന,<br>• എഴുത്ത് ,<br>• അബാക്കസ്. | | 5,6,7 |
| 10 | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | • കുസൃതികണക്കുകൾ | | 5,6,7 |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| എഴുത്ത് | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| അറിവിൻ തിളക്കം<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തീയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | [illegible] | [illegible] | അധ്യാപകർ |
|---|---|---|---|---|
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>അറബിക് ലാംഗ്വേജ് ലാബ്</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| <u>അറബിക് ഫെസ്റ്റ്</u> | | | | |

**ഉപമേഖല – മലയാളം**

**പ്രവർത്തനം 1 – ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

| ഉപമേഖല: | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക/ പിന്തുണ** |
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | | PTA |
| | പത്രക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശിൽപശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വഴി) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

# H.S. ENGLISH

| Focus Area | Action Plan | Activities | Duty Assigned |
|---|---|---|---|
| 1) To develop language skills among students | Maintain an English Library, set up English Corner, conduct Story Time, English Cartoon shows, and English Assemblies. | English Library Activities, English Corner, Story Time, English Cartoons, English Assembly | In-charge Teachers, SRG |
| 2) To make English learning interesting and engaging | Cinema and Documentary profile & script writing, watching English films | English Cinema screenings, film discussions | English Club |
| | Encourage student participation through Role Play, English Day, Seminars, Competitions, and Debates | Role play, English Day, Literary activities, Extempore speeches, Debate, Quiz competitions | English Club |
| 3) Create platforms for language practice | Prepare letter and word cards, posters, and handwritten newspapers | Posters, Simple Games, Handwritten newspapers, Calligraphy | English Club |
| | Conduct news reading competitions | News reading, Anchoring | English Club |
| 4) Develop presentation and performance skills | Organize Skits, Role play, utilize English Lab effectively | Skit, Role play, English Lab activities | English Club |
| | Include performance arts in school programs | Skit, Role play, Drama | English Club |
| 5) Promote reading habits and comprehension | Conduct Book Reviews, Magazine activities, and promote creative writing | Book Reviews, Magazine contributions, Creative writing competitions | English Club |
| 6) Provide exposure to quality literature | Organize English Fest, English Film Festival, and provide exposure to classic and contemporary works | English Fest, Literary Discussions | English Club |

മേഖല - അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ ദിനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ - ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. ✓ | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. ✓<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

<u>പത്താംതരം</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** [illegible] | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മാതൃകകൾ നിർമ്മിക്കുവാൻ ആവശ്യമായ [illegible] കുട്ടികളെ കൊണ്ട് [illegible] നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ. |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് തെരഞ്ഞെടുത്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായ അന്വേഷണം നടത്തുകയും [illegible] ചെയ്യാനുള്ള ശേഷി [illegible] ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് തെരഞ്ഞെടുത്ത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ലബോറട്ടറി വേൾഡ്:** [illegible] ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവത്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

84

ഖം

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാംസ്ഥാ
ലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവ
നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില
ദങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ
്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാ
റബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീത
ുസ്തഫാ ലുത്ഫീ മൻഫലൂത്വി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി
-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ന്റെ നോവലുകളും
ിഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ
ളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ്
ി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായ
ുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ'ബെന്യാമിന്റെ 'ആടുജീവിതം' തുടങ്ങിയവ
ിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയ
മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയ
ൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപ
അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം.
അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാന
ംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്.
പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും
ക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾ
ൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റ
ണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ
്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില
ങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും
് വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

**അറബിക് പഠന വിഭാഗം**

| ...ക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| ഭാഷാശേ<br>...പ്പിക്കുക.<br>...വത്ത്<br>...രിപ്പിക്കുക | **<u>പുതിയ പദം പരിചയപ്പെടൽ</u>**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ,<br>കാർഡുകൾ,<br>സി ഡി കൾ |
| ...ളുടെ<br>...ത്മകശേഷി<br>...പ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ,<br>ചാർട്ടുകൾ |
| ...മാസവും<br>...ൾ വായനാ<br>...രാവുക<br>...ഷ ശേഷി<br>...പ്പിക്കുക<br>...ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSC<br>SMC<br>PTA<br>OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSC<br>SMC<br>OSF |

## ഗവൺമെന്റ് എച്ച് .എസ് .എസ് .കുലശേഖരപുരം
## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ശാരീരികമായും മാനസികമായും ഉന്മേഷം ഉണ്ടാക്കാൻ. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി സൂമ്പ പരിശീലനവും എയ്റോബിക്സ് പരിശീലനവും നൽകുന്നു. | ജൂൺ - മാർച്ച് | കായിക അധ്യാപിക, ക്ലാസ് അധ്യാപകർ | |
| വിവിധ കായിക മത്സരങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക. | മത്സരങ്ങളുടെ പരിശീലനം കളികൾ - ഫുട്ബോൾ ,കബഡി ,വോളിബോൾ, ബാഡ്മിന്റൺ ക്രിക്കറ്റ് എന്നിവ. | ജൂലൈ - ജനുവരി | കായിക അധ്യാപിക, P.T.A. | |
| മാനസിക സമ്മർദ്ദം കുറയ്ക്കാൻ വേണ്ടി. | യോഗ പരിശീലനം. | ജൂൺ മുതൽ ജനുവരി വരെ | കായിക അധ്യാപിക | |
| പ്രത്യേക പരിഗണന അർഹിക്കുന്ന സി. ഡബ്ലിയു. എസ്. എൻ. കുട്ടികളെ മറ്റ് കുട്ടികളോടൊപ്പം തന്നെ പരിശീലിക്കാൻ അവസരം നൽകുന്നു. | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു. ക്ലാസിലെ സി. ഡബ്ല്യു. എസ്. എൻ. ഐ.ഇ . ഡി. കുട്ടികളെ പരിചരിക്കുന്നതിന് മറ്റു കുട്ടികൾക്ക് ഉത്തരവാദിത്വം കൊടുക്കുന്നു | അക്കാദമിക വർഷം | കായികാധ്യാപിക,പ്രഥമാധ്യാപിക ,അധ്യാപകർ | |
| സി. ഡബ്ല്യു.എസ് .എൻ . കുട്ടികൾക്ക് മാനസികോല്ലാസം ലഭ്യമാക്കാൻ. | ലഘു വ്യായാമങ്ങൾ നൽകുന്നു . | അക്കാദമിക വർഷം | കായികാധ്യാപിക,പ്രഥമാധ്യാപിക ,അധ്യാപകർ | |

## ഗവൺമെന്റ് എച്ച് .എസ് .എസ് .കുലശേഖരപുരം
## മേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.<br><br>സംഗീതം, നൃത്തം, അഭിനയം, കഥാരചന , കവിതാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസങ്ങൾ പരിപോഷിപ്പിക്കുന്ന പരിശീലനങ്ങൾ നൽകുന്നു. | ജൂൺ - മാർച്ച് | കലാധ്യാപകർ, എസ്.ആർ.ജി. | P.T.A. |

## മേഖല : കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നു.നല്ല വ്യക്തിത്വമുള്ളവരാക്കുന്നു. | ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.<br><br>ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കാൻവ്യക്തിഗത കൗൺസിലിംഗ് ഗ്രൂപ്പ് കൗൺസിലിംഗ്എന്നിവ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കൗൺസിലിംഗ് ടീച്ചർ | |

**ഗവൺമെന്റ് എച്ച് .എസ് .എസ് .കുലശേഖരപുരം**

**ഉപമേഖല : പ്രവർത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തിപരിചയ പരിശീലനം | പ്രവർത്തി പരിചയത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കുന്നു. ഇതിനായി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. | ഒരു വർഷത്തിൽ ഒരു മാസം | W.E.TEACHER, എസ്.ആർ.ജി. | P.T.A. |

**ഉപമേഖല : ഒ. ആർ. സി.**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ഒ . ആർ. സി. ട്രെയിനിങ് സാഹസ ക്യാമ്പുകൾ. | സഹവാസ ക്യാമ്പുകൾ , പരിശീലന ക്ലാസുകൾ | ആറുമാസത്തിലൊരിക്കൽ | ഒ. ആർ. സി.,നോഡൽ ടീച്ചർ | |

## മേഖല –അക്കാദമികം –സാമൂഹികം
## ഉപമേഖല : ക്ലാസ് പി ടി എ ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് പി.റ്റി .എ. ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് ,പോരായ്മകൾ എന്നിവ തിരിച്ചറിയുക .കുട്ടികളെ മുന്നോട്ട് എത്തിക്കുക. | ക്ലാസ് പി.ടി.എ. യോഗം കാര്യക്ഷമായി നടത്തുന്നു .ക്ലാസ് പി.ടി.എ.യിൽ കുട്ടികളുടെ പഠന നേട്ടങ്ങൾ ,പഠന തെളിവുകൾ തുടങ്ങിയവയുടെ അവതരണം. | ഒരു വർഷത്തിൽ മൂന്നു മാസത്തിലൊരിക്കൽ. | എസ്.ആർ.ജി., ക്ലാസ് അധ്യാപകർ | |

## മേഖല – അക്കാദമികം– സാമൂഹികം
## ഉപമേഖല –പ്രാദേശിക പി.ടി.എ . (കോർണർപി.ടി.എ.)

| | | | | |
|---|---|---|---|---|
| പ്രാദേശിക പി. ടി. എ. രൂപീകരിക്കൽ , അക്കാദമിക കാര്യങ്ങൾ പങ്കുവയ്ക്കൽ, സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തൽ. | എസ്.എസ്.എൽ.സി.ക്ക് മികച്ച വിജയം നേടുന്നതിന് പത്താംക്ലാസ് വിദ്യാർഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ .യോഗങ്ങൾ ചേരുന്നു . | ഒരു വർഷത്തിൽ മൂന്നു മാസത്തിലൊരിക്കൽ, ഡിസംബർ , ജനുവരി മാസങ്ങളിൽ | പി. ടി. എ.,എസ്.ആർ. ജി.,ക്ലാസ് അധ്യാപകർ | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്–ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൾഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞുനോട്ടം |

HOD
Maths Department



## ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ജൂൺ

| തിയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 5 | ലോക പരിസ്ഥിതി ദിനം | വൃക്ഷതൈ നട്ട് എന്റെ മരം ബുക്ക് തയാറാക്കൽ , ക്വിസ് , പോസ്റ്റർ രചന | ഇക്കോ ക്ലബ്ബ് , ശാസ്ത്ര ക്ലബ്ബ് |
| 19 | വായന ദിനം | പുസ്തകമരം ,വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പ് ,രചന മൽസരം ,ക്വിസ് | വിദ്യാരംഗം കലാസാഹിത്യ വേദി , ഇംഗ്ലീഷ് ക്ലബ്ബ് ,ഹിന്ദി ക്ലബ്ബ് ,അറബിക് ക്ലബ്ബ് |
| 26 | ലോക ലഹരി വിരുദ്ധ ദിനം | ബോധവത്കരണ ക്ലാസ് ,പോസ്റ്റർ രചന, നൃത്താവിഷ്കാരം , മൈം | സ്കൂൾതലം ,സ്കൂൾ സന്നദ്ധ സംഘടനകൾ |

**എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,**
**എല്ലാ വെള്ളിയാഴ്ചകളിലും**
**എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .**

# ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ജൂലൈ

| തിയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 5 | ബഷീർ ദിനം | ബഷീർ കൃതികൾ - കഥാപാത്രങ്ങൾ, ഓർമ്മക്കുറിപ്പുകൾ അവതരിപ്പിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 11 | ലോക ജനസംഖ്യാ ദിനം | ബോധവത്കരണ ക്ലാസ് ,പോസ്റ്റർ രചന | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 21 | ചാന്ദ്രദിനം | ചാന്ദ്രദിനപ്പാട്ട് , ക്വിസ്,സ്കിറ്റ് | ശാസ്ത്ര ക്ലബ്ബ് |
| 28 | പ്രകൃതി സംരക്ഷണ ദിനം | ബോധവത്കരണ ക്ലാസ് | ഇക്കോ ക്ലബ്ബ് |
| 26 | ജോർജ്ജ് ബെർണാഡ്ഷാ ദിനം | ബെർണാഡ്ഷാ രചനകൾ വായിച്ച് വിവരണം തയാറാക്കൽ | ഇംഗ്ലീഷ് ക്ലബ്ബ് |
| 31 | പ്രേം ചന്ദ് ജയന്തി | പോസ്റ്റർ രചന,പെൻസിൽ ഡ്രോയിങ് | ഹിന്ദി ക്ലബ്ബ് |

**എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും , എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .**

## ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ആഗസ്റ്റ്

| തീയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 6 | ഹിരോഷിമ ദിനം | ഉപന്യാസ രചന, കവിത രചന,പോസ്റ്റർ രചന | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് |
| 9 | നാഗസാക്കി ദിനം | ഉപന്യാസ രചന, കവിത രചന,പോസ്റ്റർ രചന | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് |
| 15 | സ്വാതന്ത്ര്യദിനം | പതാക വന്ദനം,റാലി , പോസ്റ്റർ രചന,ക്വിസ് , ദേശഭക്തി ഗാനം, പ്രസംഗം | സ്കൂൾതലം , സ്കൂൾ സന്നദ്ധ സംഘടനകൾ |

എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,
എല്ലാ വെള്ളിയാഴ്ചകളിലും
എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .

## ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## സെപ്റ്റംബർ

| തീയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 1 | ദേശീയ പോഷകാഹാര ദിനം | പോഷകാഹാര പ്രദർശനം | ശാസ്ത്ര ക്ലബ്ബ് |
| 5 | അധ്യാപക ദിനം | കുട്ടിമാഷ് | സ്കൂൾതലം |
| 8 | ലോക സാക്ഷരത ദിനം | ഉപന്യാസ രചന | ഇംഗ്ലീഷ് ക്ലബ്ബ് |
| 14 | ഹിന്ദി ദിനം | പോസ്റ്റർ രചന, കവിതാലാപനം, കവിതരചന, നാടകം,ചിത്രരചന | ഹിന്ദി ക്ലബ്ബ് |
| 16 | ഓസോൺ ദിനം | പോസ്റ്റർ രചന | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ് |

**എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും , എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .**

ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ഒക്ടോബർ

| തീയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 2 | ഗാന്ധി ജയന്തി | സേവന വാരം, സർവ്വമത പ്രാർത്ഥന,ക്വിസ്, പ്ലക്കാർഡ് നിർമ്മാണം , പോസ്റ്റർ നിർമ്മാണം | സ്കൂൾതലം |
| 13 | POETRY DAY | INTERESTED STUDENTS TO RECITE POEM | ENGLISH CLUB |
| 16 | ലോക ഭക്ഷ്യ ദിനം | ലഘുഭക്ഷണ മത്സരം ,പോസ്റ്റർ, വിവിധ ഭക്ഷ്യവസ്തുക്കളുടെ പ്രദർശനം | ശാസ്ത്ര ക്ലബ്ബ് |

എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും , എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .

# ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## നവംബർ

| തീയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 1 | കേരളപ്പിറവി | ക്വിസ്,കേരളപ്പിറവി ഗാനങ്ങൾ ആലപിക്കൽ ,രചന മത്സരങ്ങൾ , ചിത്രരചന | വിദ്യാരംഗം കലാസാഹിത്യ വേദി, സ്കൂൾതലം |
| 7 | പതാക ദിനം | പ്രതിജ്ഞ പുതുക്കൽ , പതാക വന്ദനം | സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് |
| 12 | ദേശീയ പക്ഷി നിരീക്ഷണ ദിനം | പക്ഷികളുടെ ആൽബം തയാറാക്കലും, പ്രദർശനവും | ശാസ്ത്ര ക്ലബ്ബ് |
| 14 | ശിശുദിനം | കുട്ടികളുടെ അവകാശത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ്,തൊപ്പി നിർമ്മാണം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്,ഹിന്ദി ക്ലബ്ബ് |
| 26 | ഭരണഘടനാ ദിനം | ഭരണഘടനയുടെ ആമുഖ വായന | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

**എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,**
**എല്ലാ വെള്ളിയാഴ്ചകളിലും**
**എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .**

# ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ഡിസംബർ

| തിയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 1 | ലോക എയ്ഡ്സ് ദിനം | ബോധവത്കരണം, ലഘുലേഖ വിതരണം | ശാസ്ത്ര ക്ലബ്ബ്,ഇംഗ്ലീഷ് ക്ലബ്ബ് |
| 10 | മനുഷ്യാവകാശ ദിനം | U D H R നെ ക്കുറിച്ച് ക്ലാസ് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 14 | ഊർജ്ജ സംരക്ഷണ ദിനം | ബോധവത്കരണം | ശാസ്ത്ര ക്ലബ്ബ് |
| 22 | രാമാനുജൻ ദിനം | ഗണിത പസ്സിലുകൾ | ഗണിത ക്ലബ്ബ് |
| 25 | ക്രിസ്തുമസ് | ആശംസ കാർഡ് നിർമ്മാണം | ഹിന്ദി ക്ലബ്ബ് |

എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,
എല്ലാ വെള്ളിയാഴ്ചകളിലും
എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .

ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ജനുവരി

| തീയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 10 | ലോക ഹിന്ദി ദിനം | ഹിന്ദി ദേശഭക്തിഗാനം, ഹിന്ദി വായന മത്സരം | ഹിന്ദി ക്ലബ്ബ് |
| 25 | വോട്ടേഴ്സ് ദിനം | വോട്ടർ പ്രതിജ്ഞ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 26 | റിപ്പബ്ലിക്ക് ദിനം | പതാക വന്ദനം,റാലി , പോസ്റ്റർ രചന,ക്വിസ് ,ദേശ ഭക്തിഗാനം, പ്രസംഗം | സ്കൂൾതലം ,സ്കൂൾ സന്നദ്ധ സംഘടനകൾ |
| 30 | രക്തസാക്ഷി ദിനം | ഗാന്ധി സ്മൃതി,സമാധാന സന്ദേശം നൽകൽ | ഹിന്ദി ക്ലബ്ബ് |

എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും , എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .

ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## ഫെബ്രുവരി

| തിയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 21 | ലോക മാതൃഭാഷ ദിനം | പോസ്റ്റർ രചന, പ്രതിജ്ഞ | വിദ്യാരംഗം കലാസാഹിത്യ വേദി |
| 22 | ലോക പരിചിന്തന ദിനം | പ്രതിജ്ഞ പുതുക്കൽ | സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് |
| 28 | ദേശീയ ശാസ്ത്രദിനം | ശാസ്ത്രജ്ഞരുമായി അഭിമുഖം,ശാസ്ത്ര പ്രദർശനം | ശാസ്ത്ര ക്ലബ്ബ് |

എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,
എല്ലാ വെള്ളിയാഴ്ചകളിലും
എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .

## ഗവ: ഹയർ സെക്കന്ററി സ്കൂൾ, കുലശേഖരപുരം

# ദിനാചരണ പ്രവർത്തന വാർഷിക കലണ്ടർ

## മാർച്ച്

| തിയതി | ദിനാചരണം | പ്രവർത്തനം | ചുമതല/ ഉത്തരവാദിത്വം |
|---|---|---|---|
| 22 | ജലദിനം | പോസ്റ്റർ രചന,ജല ശുദ്ധീകരണ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തൽ | ശാസ്ത്ര ക്ലബ്ബ്, ഹിന്ദി ക്ലബ്ബ് (H.S) |

**എല്ലാ ബുധനാഴ്ചകളിലും സബ്ജെക്ട് കൗൺസിലും ,
എല്ലാ വെള്ളിയാഴ്ചകളിലും
എസ്.ആർ.ജി.യോഗവും നടത്തേണ്ടതാണ് .**

